# APPENDIX H4

## നോട്ടീസ്

പൊതുഭരണ സെക്രട്ടേറിയറ്റിൽ ഓഫീസ് അറ്റൻഡന്റ് തസ്തികയിലിരിക്കെ ശൂന്യവേതനാവധിയിൽ പ്രവേശിക്കുകയും നിലവിൽ അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിൽക്കുകയും ചെയ്യുന്ന ശ്രീ.അശ്വനികുമാർ എസ് എസ് എന്ന താങ്കൾക്ക് വിദേശത്ത് ജോലി നോക്കുന്നതിനായി 18/10/2008 ലെ സ.ഉ.(സാധാ) 8127/2008/പൊഭവ നമ്പർ ഉത്തരവ് പ്രകാരം 1 വർഷത്തേക്ക് കെ.എസ്.ആർ. ഭാഗം 1, അപ്പെൻഡിക്സ് XII A പ്രകാരം ശൂന്യവേതനാവധി അനുവദിക്കുകയും തുടർന്ന് മൂന്ന് ഉത്തരവുകളിലായി 15 വർഷത്തേക്ക് ശൂന്യ വേതന അവധി അനുവദിച്ച് ദീർഘിപ്പിച്ച് നൽകിയിട്ടുണ്ട്. 31/10/2022-ന് പ്രസ്തുത അവധിയുടെ കാലാവധി അവസാനിച്ചതിനെ തുടർന്ന് 3 വർഷത്തേക്ക് കൂടി അവധി ദീർഘിപ്പിക്കുന്നതിനായി താങ്കൾ അപേക്ഷ സമർപ്പിക്കുകയും ആയത് 30/12/2020 ലെ 83/2020/ധന നമ്പർ സർക്കുലറിലെ വ്യവസ്ഥകൾ പ്രകാരം നിരസിക്കുകയും ടി വിവരം താങ്കളെ അറിയിച്ചിട്ടുള്ളതും ജോലിയിൽ തിരികെ പ്രവേശിക്കുവാൻ നിർദ്ദേശം നൽകിയിട്ടുള്ളതുമാണ്. എന്നാൽ നാളിതുവരെ ജോലിയിൽ തിരികെ പ്രവേശിച്ചതായോ, രേഖാമൂലമുള്ള വിശദീകരണം ഈ വകുപ്പിൽ ലഭ്യമാക്കുകയോ ചെയ്തിട്ടില്ല. അവധികാലാവധി അവസാനിച്ച ശേഷം ജോലിയിൽ തിരികെ പ്രവേശിക്കാതെ സർക്കാർ ഉത്തരവുകൾക്കും, കേരള സർവ്വീസ് ചട്ടങ്ങൾക്കും വിരുദ്ധമായി അനധികൃതമായി ജോലിയിൽ നിന്നും വിട്ടുനിന്നത് അതീവ ഗുരുതരമായ അച്ചടക്കലംഘനവും, സർവ്വീസിൽ നിന്നും പിരിച്ചുവിടുന്നതുൾപ്പെടെയുള്ള കഠിന ശിക്ഷക്കുള്ള അച്ചടക്ക നടപടികൾ സ്വീകരിക്കാവുന്ന പ്രവൃത്തിയുമാണ്. ആയതിനാൽ 1960-ലെ കേരള സിവിൽ സർവ്വീസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ പ്രകാരം പിരിച്ചുവിടൽ ഉൾപ്പെടെയുള്ള മേജർ ശിക്ഷണ നടപടികൾ താങ്കൾക്കെതിരെ സ്വീകരിക്കുകയും, അതിന്റെ ഭാഗമായി കുറ്റാരോപണ മെമ്മോയും കുറ്റാരോപണ പത്രികയും അയച്ചിരുന്നുവെങ്കിലും Left India എന്ന് രേഖപ്പെടുത്തി തപാൽ വകുപ്പ് തിരിച്ചയക്കുകയുണ്ടായി. കൂടാതെ നേരിൽ കേൾക്കുന്നതിനായി പല തവണ നോട്ടീസ് നൽകിയെങ്കിലും അന്വേഷണ ഉദ്യോഗസ്ഥൻ മുൻപാകെ ഹാജരാകുകയോ ചെയ്തിട്ടില്ലാത്തതുമാകുന്നു. തുടർന്ന് കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 1960, ചട്ടം 11 (1) (vii) പ്രകാരം സർവ്വീസിൽ നിന്ന് നീക്കം ചെയ്യുന്നതിനുള്ള താൽക്കാലിക തീരുമാനം കൈക്കൊണ്ട് കാരണം കാണിക്കൽ നോട്ടീസ് അയച്ചിരുന്നുവെങ്കിലും 'out of country' എന്ന് രേഖപ്പെടുത്തി തിരികെ ഈ വകുപ്പിൽ ലഭ്യമായിട്ടുണ്ട്. ആയതിനാൽ ഈ നോട്ടീസ് പ്രസിദ്ധപ്പെടുത്തി 15 ദിവസത്തിനകം താങ്കൾക്കെതിരെ ആരോപിക്കപ്പെട്ടിട്ടുള്ള കുറ്റങ്ങൾക്കെതിരെ താങ്കളുടെ രേഖാമൂലമുള്ള വിശദീകരണം ലഭ്യമാക്കാത്ത പക്ഷം താങ്കൾക്ക് ഇക്കാര്യത്തിൽ യാതൊന്നും ബോധിപ്പിക്കാനില്ല എന്ന നിഗമനത്തിൽ കേരള സിവിൽ സർവ്വീസസ് (തരം തിരിക്കലും നിയന്ത്രണവും അപ്പീലും) ചട്ടങ്ങൾ 1960 പ്രകാരം തുടർനടപടികൾ സ്വീകരിക്കുന്നതായിരിക്കും. കുറ്റാരോപണങ്ങളെ സംബന്ധിച്ചുള്ള പ്രമാണങ്ങളുടെ പകർപ്പ്

ഓഫീസ് പ്രവർത്തി സമയങ്ങളിൽ ഹാജരായോ അല്ലെങ്കിൽ അത് അയയ്ക്കേണ്ടതായ താങ്കളുടെ മേൽവിലാസം രേഖപ്പെടുത്തിയ അപേക്ഷ സമർപ്പിച്ചുകൊണ്ടോ ഡെപ്യൂട്ടി സെക്രട്ടറി, പൊതുഭരണ വകുപ്പ്, ഗവ സെക്രട്ടേറിയറ്റ്, തിരുവനന്തപുരം-ന്റെ ഓഫീസിൽ നിന്നും നിർദ്ദിഷ്ടസമയപരിധിക്കുള്ളിൽ താങ്കൾക്ക് ലഭ്യമാക്കാവുന്നതാണ്.

3/6/25

SHARJA BEEVI K

ഡെപ്യൂട്ടി സെക്രട്ടറി

ശ്രീ.അശ്വനി കുമാർ എസ് എസ്

പഞ്ചമി

എം എൽ എ റോഡ്

മലയം പി ഒ, തിരുവനന്തപുരം-695571